Mathrubhumi 19.11.17

# കാർഷികരോഗങ്ങൾക്കും 'ആസ്പത്രി'; ജില്ലകൾതോറും ക്ലിനിക്

എം.കെ. സുരേഷ്

**തൃശ്ശൂർ:** കാർഷിക വിളകൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് മരുന്നു കുറിച്ചുനൽകാനും അതിൻെറ പ്രയോഗരീതികൾ വിശദീകരിച്ചു നൽകാനും ക്ലിനിക്കുകൾ വരുന്നു. കേരള കാർഷിക സർവകലാശാല മണ്ണുത്തി കമ്യൂണിക്കേഷൻ സെൻറർ ജില്ലകൾ തോറും നടത്തുന്ന ക്ലിനിക്കിൽ ആസ്പത്രിയിൽ കിട്ടുന്നതിന് സമാനമായ പരിചരണമാണ് കർഷകർക്ക് ലഭ്യമാക്കുക. സർവകലാശാലയിലെ എല്ലാ വിഭാഗങ്ങളിലെയും ശാസ്ത്രജ്ഞരുടെ സംഘം കർഷകരെ കാണാനും അവരുടെ സംശയങ്ങൾ നീക്കാനും മുഖാമുഖത്തിന് ക്ലിനിക്കുകളിലെത്തും.

ആദ്യഘട്ടത്തിൽ, ജില്ലയിൽ ഒരിടത്ത് ഒരു ദിവസം എന്ന നിലയിലായിരിക്കും ഇതിൻെറ പ്രവർത്തനം. ക്ലിനിക് പ്രവർത്തിക്കുന്ന ദിവസം, സ്ഥലം എന്നിവ കൃഷിഭവനുകൾ വഴി മുൻകൂട്ടി അറിയിക്കും. സർവകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗവും കൃഷി വകുപ്പും ആത്മയും സഹകരിച്ചുള്ള പരിപാടിക്ക് ശനിയാഴ്ച തുടക്കമായി. ഭാവിയിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് ക്ലിനിക്കിൻെറ പ്രവർത്തനം വ്യാപിപ്പിക്കുമെന്ന് വിജ്ഞാന വ്യാപന വിഭാഗം ഡയറക്ടർ ഡോ. ജിജു പി. അലക്സ് പറഞ്ഞു.

## ക്ലിനിക്കിൻെറ പ്രവർത്തനം



- കാർഷിക വിളകൾക്കുണ്ടാകുന്ന ഏതു രോഗബാധയ്ക്കും ഇവിടെ മരുന്നുകൾ നിർദേശിക്കും. ആസ്പത്രികളിൽ ഡോക്ടർമാർ നൽകുന്ന സേവനങ്ങളാണ് ഇവിടെ കാർഷിക ശാസ്ത്രജ്ഞർ നൽകുക.
- വ്യാപാരികൾ പറയുന്ന കീടനാശിനികളും വളങ്ങളുമാണ് ഒരു മാനദണ്ഡവും കൂടാതെ കർഷകർ ഇപ്പോൾ ഉപയോഗിക്കുന്നത്. കീടനാശിനിയുടെയും വളങ്ങളുടെയും അമിതവും വിവേചനരഹിതവുമായ ഉപയോഗം ക്ലിനിക്കുകൾ തടയും.
- ഏതു കൃഷി എപ്പോൾ, എങ്ങനെ വേണം, വളപ്രയോഗം തുടങ്ങി കാർഷിക സംബന്ധമായ എല്ലാ വശങ്ങളും കർഷകരുമായി നടത്തുന്ന മുഖാമുഖത്തിൽ ചർച്ച ചെയ്യും. മരുന്ന്, കാർഷിക യന്ത്രങ്ങൾ, വിത്ത് എന്നിവ എവിടെ കിട്ടും തുടങ്ങിയ കാര്യങ്ങളും ക്ലിനിക്കിൽ അറിയാം.
- മണ്ണ്, കീടശാസ്ത്രം, സസ്യരോഗശാസ്ത്രം, പ്രത്യുത്പാദന വിഭാഗം, ഫിഷറീസ്, വെറ്ററിനറി, അഗ്രികൾച്ചർ എൻജിനീയറിങ് തുടങ്ങി എല്ലാവിഭാഗവുമായും ബന്ധപ്പെട്ട ശാസ്ത്രജ്ഞർ ക്ലിനിക്കിൽ എത്തും.